വിദേശങ്ങളിൽ പോകുന്ന നേഴ്സുമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെൻറു എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി കൊള്ളുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. സ്റ്റൈപെൻറ് നൽകി പഠിപ്പിച്ചിട്ടുള്ള നേഴ്സിംഗ് വിദ്യാർത്ഥിനികൾ അവരുടെ ഫൈനൽ പരീക്ഷ കഴിഞ്ഞുനിൽക്കുകയാണ്. റിസൽട്ട് അറിഞ്ഞാലുടൻ തന്നെ അവർക്ക് നിയമനം നൽകി നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുവാൻ സാധിക്കും.

ഹോമിയോ കോളേജുകൾ

564 [819] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ കോളേജുകൾ ഉണ്ട്;

(ബി) അതിലെ അദ്ധ്യാപകർക്കും അനദ്ധ്യാപക ഉദ്യോഗസ്ഥർക്കും ഗവൺമെൻറിൽനിന്നും നേരിട്ടു ശമ്പളം കൊടുക്കുന്നതാണെന്നു ഇതിനു മുമ്പ് ഗവൺമ്മെൻറിൽനിന്നും പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു നാളിതുവരെ നടപ്പിൽ വരുത്താത്തതു എന്തുകൊണ്ട്?

ഉത്തരം

(എ) മൂന്നു പ്രൈവറ്റ് കോളേജുകളും ഒരു ഗവൺമെൻറ് ഡിഗ്രി കോളേജും ഉണ്ട്.

(ബി) പ്രൈവറ്റ് ഹോമിയോ കോളേജുകളിലെ ജീവനക്കാർക്കു നേരിട്ട് ശമ്പളം കൊടുക്കുന്നതാണെന്നു പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നേരിട്ടു ശമ്പളം കൊടുക്കുന്നതിനെപ്പറ്റി പരിശോധിച്ചു വരികയാണ്.

(സി) ഈ കാര്യത്തിൽ അവസാന തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ്

565 [820] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റു മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിനുള്ള പോരായ്മകളെന്തെല്ലാമാണ്;

(ബി) അതു പരിഹരിക്കാൻ ഗവൺമെൻറ് സത്വര നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതുതായി ഒരു ആശുപത്രികൂടി നടത്തുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഒരു സ്വകാര്യ സ്ഥാപനമായിരുന്ന ആലപ്പുഴ മെഡിക്കൽ കോളേജ് 23.10.1973 മുതലാണ് സർക്കാരിൻെറ പൂർണ്ണ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ആയത്. കോളേജിനു സമീപം മെഡിക്കൽ കോളേജ് ആശുപത്രി ഇല്ലായെന്നുള്ളതും കോളേജിലെ ഉദ്യോഗസ്ഥൻമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly